"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി വികസന വകുപ്പ് - ജീവനക്കാര്യം - സ്ഥലംമാറ്റത്തിനെതിരെ ശ്രീ.സാജു ജേക്കബ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA -306/2024 ലെ 20-02-2024 ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതിപട്ടികവർഗ്ഗവികസന(സി) വകുപ്പ്**

സ.ഉ.(സാധാ) നം.235/2024/SCSTD തീയതി,തിരുവനന്തപുരം, 22-03-2024

---

പരാമർശം:-

1. മലപ്പുറംജില്ലാകളക്ടർ ചീഫ് ഇലക്ടറൽ ഓഫീസർ ക്കയച്ചിട്ടുള്ള DCMPM/726/2024-P1 നമ്പർ കത്ത്.
2. ചീഫ് ഇലക്ടറൽ ഓഫീസറുടെ 27-01-2024 ലെ 23/ഇ.എൽ.2/2024/ഇലക് നമ്പർ കത്ത്.
3. പട്ടികജാതിവികസനവകുപ്പ് ഡയറക്ടറുടെ 05-02-2024ലെ SCDD/5949/2023-A1(ESTTA ) നമ്പർകത്ത്.
4. 15-02-2024 ലെ സ.ഉ(സാധാ) നം.49/2024/പജപവവിവ .
5. 16-02-2024 തീയതിയായി ശ്രീ . സാജു ജേക്കബ് സമർപ്പിച്ച നിവേദനം.
6. ശ്രീ.സാജു ജേക്കബ് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-306/2024-ലെ 20-02-2024 ലെ ഉത്തരവ്.
7. പട്ടികജാതിവികസനവകുപ്പ് ഡയറക്ടറുടെ 07-03-2024ലെ SCDD/5949/2023-A1(ESTT A ) നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ല പട്ടികജാതി വികസന ഓഫീസറായ ശ്രീ.സാബു ജേക്കബിനെ പരാമർശം 4 പ്രകാരം മലപ്പുറം ജില്ലയിലേക്ക് സ്ഥലം മാറ്റിയതിനെതിരെ ടിയാൾ ഫയൽ ചെയ്ത OA -306/2024

ൽ 20-02-2024 ലെ ഉത്തരവിൽ , ടിയാൻ പരാമർശം 5 പ്രകാരം സർക്കാരിൽ സമർപ്പിച്ച നിവേദനം പരിശോധിച്ച് 3 ആഴ്ചയ്ക്കുള്ളിൽ നടപടി സ്വീകരിക്കുന്നതിനും, അതുവരെ ടിയാളെ ഇടുക്കി ജില്ല പട്ടികജാതി വികസന ഓഫീസറായിത്തന്നെ തുടരുവാൻ അനുവദിക്കുവാനും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായി.

2 ) തിരൂർ-045 നിയമസഭാ മണ്ഡലത്തിലെ ഉപവരണാധികാരിയുടെ ചുമതല വഹിക്കുന്നത് മലപ്പുറം ജില്ലാ പട്ടികജാതി വകുപ്പ് വികസന ഓഫീസറാണ് . മലപ്പുറം ജില്ലാ പട്ടികജാതി വകുപ്പ് വികസന ഓഫീസർ ശ്രീ. മണികണ്ഠൻ കെ എന്നിവർക്ക് 2017 ൽ നടന്ന ഒരു അപകടത്തെ തുടർന്ന് ഇടത് കൈക്ക് സാരമായ പരിക്ക് ഏൽക്കുകയും കൈയുടെ ചലനശേഷി പൂർണ്ണമായി വീണ്ടെടുക്കാൻ സാധിക്കാത്ത അവസ്ഥയിൽ, തിരൂർ നിയമസഭാ മണ്ഡലത്തിലെ ഉപവരണാധികാരിയുടെ ചുമതലയിൽ നിന്നും ഒഴിവാക്കണമെന്ന മലപ്പുറം ജില്ലാ ഇലക്ഷൻ ഓഫീസറുടെ ശുപാർശ Chief Electoral Officer അഗീകരിക്കുകയും, ആവശ്യമായ നടപടി സ്വീകരിക്കുവാൻ പരാമർശം (2) പ്രകാരം സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അഭിപ്രായം പരിഗണിച്ച് ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസർ സാജു ജേക്കബിനെ മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസറായി നിയമിച്ചു.

3) പരാമർശം(4) സർക്കാർ ഉത്തരവ് പുനപ്പരിശോധിക്കണമെന്ന ശ്രീ സാജു ജേക്കബിന്റെ പരാമർശം (5) പ്രകാരമുള്ള നിവേദനത്തിന്മേൽ പട്ടികജാതി വികസനവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. മലപ്പുറം ജില്ലയിലെ 045 തിരൂർ നിയമസഭാ മണ്ഡലത്തിലെ Assistant Returning Officer ആയ ശ്രീ. മണികണ്ഠന് election duty നിർവഹിക്കുന്നതിന് പ്രയാസം ഉള്ളതിനാലാണ് Chief Electral Officerറുടെ അംഗീകാരത്തോടെ ശ്രീ മണികണ്ഠനെ അവിടെനിന്നും മാറ്റി മറ്റൊരു ഓഫീസറെ നിയമിക്കുന്നതിന് ശുപാർശ ചെയ്തെന്നും നിലവിലെ സ്റ്റേഷനിൽ രണ്ട് വർഷം പൂർത്തിയാക്കിയ ശ്രീ സാജു ജേക്കബിനെ അവിടെ നിന്നും മാറ്റുന്നതിന് ഭരണപരമായ പ്രശ്നങ്ങൾ ഇല്ലെന്നും പട്ടികജാതി വികസന ഡയറക്ടർ പരാമർശം(7)പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടക്കാനിരിക്കുന്ന ലോകസഭാ തിരഞ്ഞെടുപ്പ് സുഗമമായി പൂർത്തീകരിക്കേണ്ടത് അടിയന്തിരപ്രാധാന്യമുള്ള വിഷയമായതിനാൽ

ശ്രീ സാജു ജേക്കബിനെ മലപ്പുറം ജില്ലയിലെ 045 തിരൂർ നിയമസഭാ മണ്ഡലത്തിലെ Assistant Returning Officer ഉം ജില്ലാ പട്ടികജാതി വികസന ഓഫീസറുമായിട്ടുള്ള നിയമനത്തിൽ മാറ്റം വരുത്തുവാൻ സാധിക്കാത്ത സ്ഥിതിയാണ്. ഈ സാഹചര്യത്തിൽ ഇടുക്കി ജില്ലാ പട്ടികജാതി വികസനഓഫീസർ ശ്രീ . സാജു ജേക്കബിനെ മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസറായി നിയമിച്ചുകൊണ്ടുള്ള പരാമർശം(4) ഉത്തരവ് പാലിക്കേണ്ടതും, ലോകസഭാ തെരഞ്ഞെടുപ്പിലെ ഉപവരണാധികാരിയുടെ നിയമനമായതിനാൽ അടിയന്തിരമായി ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന് ഉത്തരവാവുകയും പരാമർശം (6 ) പ്രകാരമുള്ള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.റ്റി.ജോയി

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ,പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

ശ്രീ. ശ്രീ സാജു ജേക്കബ്, (ഡയറക്ടർ, പട്ടികജാതി വികസന വകുപ്പു മുഖേന)

ചീഫ് ഇലക്ടറൽഓഫീസർ,ഇലക്ഷൻജനറൽവകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ), ഐ & പി.ആർ.ഡി.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shameem Muhammed B M
Date: 22-03-2024 17:46:17

സെക്ഷൻ ഓഫീസർ